**പതിമൂന്നാം കേരള നിയമസഭ**

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി
# (2014-2016)

## പതിനൊന്നാമത് റിപ്പോർട്ട്

(2014 ജൂൺ മാസം 19-ാം തീയതി സമർപ്പിച്ചത്)

(അച്ചൻകോവിൽ ആദിവാസി കോളനി സന്ദർശനം
സംബന്ധിച്ച് തയ്യാറാക്കിയത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി
# (2014-2016)

## പതിനൊന്നാമത് റിപ്പോർട്ട്

(2014 ജൂൺ മാസം 19-ാം തീയതി സമർപ്പിച്ചത്)

(അച്ചൻകോവിൽ ആദിവാസി കോളനി സന്ദർശനം
സംബന്ധിച്ച് തയ്യാറാക്കിയത്)

835/2014.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : സമിതിയുടെ ശുപാർശകളും നിർദ്ദേശങ്ങളും | .. | 13 |

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി
## (2014–2016)
## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വി. പി. സജീന്ദ്രൻ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, കെ. അജിത്
,, ഐ. സി. ബാലകൃഷ്ണൻ
,, കോവൂർ കുഞ്ഞുമോൻ
,, പുരുഷൻ കടലുണ്ടി
,, സി. കെ. സദാശിവൻ
,, എൻ. ഷംസുദ്ദീൻ
,, വി. ശശി
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. വി. വിജയദാസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

# ആമുഖം

അക്ഷരകേരളം, അതുല്യം പദ്ധതികളിലൂടെ സമ്പൂർണ്ണ സാക്ഷരതയും പ്രാഥമിക വിദ്യാഭ്യാസവും ഉറപ്പാക്കിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലും അക്ഷരാഭ്യാസത്തിനുള്ള അവസരംപോലും നിഷേധിക്കപ്പെട്ട് അച്ചൻകോവിൽ വനാന്തരങ്ങളിൽ അകപ്പെട്ടുപോയ അൻപതിലേറെ ആദിവാസിക്കുട്ടികളെപ്പറ്റി മാധ്യമങ്ങളിൽവന്ന വാർത്തയുടെ അടിസ്ഥാനത്തിൽ, നിജസ്ഥിതി നേരിൽക്കണ്ടു മനസ്സിലാക്കുന്നതിനായി കേരള നിയമസഭയുടെ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി 2013 സെപ്റ്റംബർ 3, 4 തീയതികളിൽ അച്ചൻകോവിൽ ആദിവാസി കോളനി സന്ദർശിക്കുകയുണ്ടായി. കോളനിയിലെ വിദ്യാഭ്യാസപരമായ അരക്ഷിതാവസ്ഥയ്ക്കൊപ്പം ആദിവാസിസമൂഹം അനുഭവിക്കുന്ന അവഗണനയുടെയും അനീതികളുടെയും ദുരിതങ്ങളുടെയും യഥാർത്ഥചിത്രം സമിതിക്കു ബോധ്യപ്പെടുകയുണ്ടായി. സമിതിക്കു നേരിട്ടു ബോധ്യപ്പെട്ട വസ്തുതകളുടെയടിസ്ഥാനത്തിൽ, അച്ചൻകോവിൽ ആദിവാസി കോളനിയിലെ ദുരിതങ്ങൾക്കു ഒരുപരിധിവരെയെങ്കിലും പരിഹാരം കണ്ടെത്താൻ ഉതകുമെന്ന് സമിതി കണ്ടെത്തിയ ഏതാനും ശുപാർശകളും നിർദ്ദേശങ്ങളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

4-6-2014-ൽ ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,

*അദ്ധ്യക്ഷൻ,*

*പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി.*

തിരുവനന്തപുരം,

2014 ജൂൺ 4.

# റിപ്പോർട്ട്

കൊല്ലം ജില്ലാ കേന്ദ്രത്തിൽനിന്നും തൊണ്ണൂറു കിലോമീറ്ററോളം അകലെ, ജില്ലയുടെ കിഴക്കേ അറ്റത്തായി വനത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന പ്രകൃതിരമണീയമായ അച്ചൻകോവിൽ പ്രദേശത്തുള്ള ആദിവാസികോളനിയിൽ മലപ്പണ്ടാരവിഭാഗത്തിൽപ്പെട്ട 136 കുടുംബങ്ങളാണ് താമസിക്കുന്നത്. വനവിഭവങ്ങൾ ശേഖരിച്ചും വനത്തിനുള്ളിലെ ജോലികൾചെയ്തും ഉപജീവനംനടത്തുന്ന കോളനി നിവാസികൾ പാർശ്വവൽക്കരിക്കപ്പെട്ട ഒരു ജനവിഭാഗമായി ഇന്നും നിലകൊള്ളുന്നു. ആധുനികതയുടെ അതിപ്രസരം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലും അച്ചൻകോവിൽ ആദിവാസി കോളനിയിൽ വിദ്യാഭ്യാസ അരക്ഷിതാവസ്ഥ നിലനിൽക്കുന്ന സംഭവം മാധ്യമവാർത്ത കളായതിനെത്തുടർന്ന്, സ്ഥിതിഗതികൾ നേരിട്ടു മനസ്സിലാക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി 2013 സെപ്റ്റംബർ 3, 4 തീയതികളിൽ അച്ചൻകോവിൽ ആദിവാസി കോളനി സന്ദർശിക്കുകയുണ്ടായി. ചെറിയ ക്ലാസുകളിൽ പഠനം അവസാനിപ്പിച്ച കുട്ടികളെയും അക്ഷരാഭ്യാസത്തിനുള്ള അവസരംപോലും ലഭിച്ചിട്ടില്ലാത്ത കുട്ടികളെയും കണ്ടെത്താൻ സമിതിക്കു കഴിഞ്ഞു. രക്ഷിതാക്കൾക്കു മെച്ചപ്പെട്ട ജീവിതസാഹചര്യം ഉറപ്പാക്കുമ്പോൾ മാത്രമേ കുട്ടികളെ വിദ്യാഭ്യാസ ത്തിനായി അയയ്ക്കുകയുള്ളൂ എന്ന യാഥാർത്ഥ്യത്തെ മറച്ചുവച്ചുകൊണ്ടു നടത്തുന്ന പ്രവർത്തനങ്ങളൊന്നും പൂർണ്ണമായും ഫലപ്രാപ്തിയിലെത്തില്ല എന്നതിന്റെ ഉത്തമ ഉദാഹരണമാണ് വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന കുട്ടികൾ എന്നു സമിതി വിലയിരുത്തുന്നു. വിദ്യാഭ്യാസ അരക്ഷിതാവസ്ഥയ്ക്കൊപ്പം, ജീവിതത്തിന്റെ സമസ്ത മേഖലകളിലും അവഗണനയും ദുരിതങ്ങളും അനുഭവിക്കാൻ വിധിക്കപ്പെട്ട ഒരു ജനവിഭാഗത്തിന്റെ പ്രശ്നങ്ങൾ ഒരുപരിധിവരെ മനസ്സിലാക്കാൻ കോളനി സന്ദർശന ത്തിലൂടെ സമിതിക്കു സാധിച്ചു. സമിതിയുടെ സന്ദർശനത്തിനിടെ ബോധ്യപ്പെട്ട യാഥാർത്ഥ്യങ്ങളുടെയടിസ്ഥാനത്തിൽ, കോളനിയിലെ ദുരിതങ്ങൾക്കു പരിഹാരം കണ്ടെത്താനുതകും എന്നു പ്രതീക്ഷിക്കുന്ന ഏതാനും ശുപാർശകളും നിർദ്ദേശങ്ങളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2. അച്ചൻകോവിൽ ആദിവാസി കോളനി സന്ദർശനത്തിനു മുന്നോടിയായി 2013 സെപ്റ്റംബർ 3-ാം തീയതി രാവിലെ 10.30-ന് കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സമിതി യോഗം ചേർന്ന് വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയുണ്ടായി.

3. കൊല്ലം ജില്ലയിലെ 1459 പട്ടികവർഗ്ഗ കുടുംബങ്ങളിൽ 390 കുടുംബങ്ങൾ ഒഴികെയുള്ളവർക്ക് വീടു നിർമ്മിച്ചുനൽകിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഐ.എ.വൈ., ഇ.എം.എസ്. ഭവനപദ്ധതികൾ പ്രകാരം ജില്ലയിലെ 150-ൽപ്പരം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണ സഹായം അനുവദിച്ചിരുന്നു വെങ്കിലും നിർമ്മാണവസ്തുക്കളുടെ വിലവർദ്ധനവും വർദ്ധിച്ച കൂലിച്ചെലവും ഗതാഗതച്ചെലവും നിമിത്തം അനുവദിച്ച തുകയ്ക്കുള്ളിൽ പല വീടുകളുടെയും നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്നും അധിക സാമ്പത്തിക സഹായം അനുവദിച്ചെങ്കിൽ മാത്രമേ പ്രസ്തുത വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂവെന്നും അച്ചൻകോവിലിലെ ഭൂരഹിത കുടുംബങ്ങളിൽ പലർക്കും

കുരിയോട്ടുമലയിൽ ഭൂമി പതിച്ചുനൽകിയിട്ടുണ്ടെങ്കിലും, ജീവിതസൗകര്യങ്ങളുടെ അഭാവംമൂലം പലരും അവിടെ താമസിക്കാൻ കൂട്ടാക്കുന്നില്ലെന്നും ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ സമിതിയെ ധരിപ്പിക്കുകയുണ്ടായി.

4. ജില്ലയിലെ മേജർ കോളനികളിൽ പട്ടികവർഗ്ഗക്കാരുടെ ഭൂമി, റബ്ബർ ഉൾപ്പെടെയുള്ള കൃഷികൾ എന്നിവ കോളനിക്കു പുറത്തുള്ളവർ പാട്ടം/ഒറ്റി വ്യവസ്ഥകളിൽ കൈവശപ്പെടുത്തുന്നുണ്ടെന്നും വിവാഹംപോലെ പണം ആവശ്യമായിവരുന്ന സന്ദർഭങ്ങളിൽ കോളനി നിവാസികളെ ഇത്തരക്കാർ ചൂഷണം ചെയ്യുന്നുണ്ടെന്നും കൂടാതെ റബ്ബർ കൃഷി ചെയ്തിട്ടുള്ള ഭൂമി മോഹിച്ച് ആദിവാസികളെ മിശ്രവിവാഹം ചെയ്തശേഷം വഞ്ചിക്കുന്ന കേസുകളുണ്ടെന്നും ഇത്തരത്തിൽ ഭൂമി തട്ടിയെടുത്ത 20 കേസുകൾ പോലീസിനു കൈമാറിയിട്ടുണ്ടെന്നും റ്റി.ഡി.ഒ. സമിതിയെ ബോധ്യപ്പെടുത്തി.

5. ആദിവാസികളുടെ ഭൂമിയിൽ അവരെക്കൊണ്ടുതന്നെ കൃഷി ചെയ്യിപ്പിക്കുന്നതിനും അതിലൂടെ അവരെ സ്വയംപര്യാപ്തമാക്കുന്നതിനും ആവശ്യമായ നടപടി ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കണമെന്നും അന്യാധീനപ്പെട്ട ഭൂമി മുഴുവനും ആദിവാസികൾക്കു തിരികെ ലഭ്യമാക്കണമെന്നും ഇത്തരം കേസുകൾ സംബന്ധിച്ച വിശദാംശം പ്രൊമോട്ടർമാർ മുഖേന ശേഖരിച്ച് ഊരുകൂട്ടത്തിൽ ചർച്ച ചെയ്തശേഷം ഉചിതമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ തയ്യാറാകണമെന്നും സമിതി നിർദ്ദേശിക്കുകയുണ്ടായി.

6. അച്ചൻകോവിൽ ഉൾപ്പെടെയുള്ള ആദിവാസി കോളനികളിൽ മെഡിക്കൽ ക്യാമ്പുകൾ സ്ഥിരമായി നടത്താറുണ്ടെന്നും പുനലൂരിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റ് മാസത്തിലൊരിക്കൽ എല്ലാ കോളനികളും സന്ദർശിച്ച് പി.എച്ച്.സി.-കൾ ശേഖരിക്കുന്ന വിവരങ്ങളുടെയടിസ്ഥാനത്തിൽ പരിശോധനയും ചികിത്സയും തുടർചികിത്സയും നടത്താറുണ്ടെന്നും ഗർഭിണികൾക്ക്, ദേശീയ ഗ്രാമീണ ആരോഗ്യമിഷന്റെ കീഴിൽ ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നുണ്ടെന്നും മെഡിക്കൽ ക്യാമ്പുകളുമായി കോളനിനിവാസികൾ സഹകരിക്കുന്നുണ്ടെന്നും രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്താറുണ്ടെന്നും പോഷകാഹാരക്കുറവുള്ളവർക്കും ഗർഭിണികൾക്കും 60 വയസിനു മുകളിൽ പ്രായമുള്ളവർക്കും 5 വയസിൽ താഴെയുള്ള കുട്ടികൾക്കും സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ പോഷകാഹാര കിറ്റുകൾ വിതരണം ചെയ്യുന്നുണ്ടെന്നും കൂടാതെ മെഗാമെഡിക്കൽക്യാമ്പ് നടത്തി 500 പേർക്ക് ഹെൽത്ത് കാർഡ് വിതരണം ചെയ്തിട്ടുണ്ടെന്നും പ്രസ്തുത കാർഡുപയോഗിച്ച് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സയും തുടർചികിത്സയും നടത്താവുന്നതാണെന്നും മെഡിക്കൽ ക്യാമ്പുകളുടെ റിപ്പോർട്ട് ഡയറക്ടർക്കു നൽകുന്നുണ്ടെന്നും ഡി.എം.ഒ. സമിതിയെ അറിയിച്ചു.

7. അച്ചൻകോവിലിൽ നിലവിലുള്ള പ്രാഥമികാരോഗ്യകേന്ദ്രത്തിനു പരിമിതികളേറെയാണെന്നും ആയതിനാൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനു സമിതി ശുപാർശ ചെയ്യണമെന്നും ഡി.എം.ഒ. പറഞ്ഞു. ആരോഗ്യ വകുപ്പ് റ്റി.എസ്.പി. ഫണ്ടുപയോഗിച്ചു വാങ്ങിയ ആംബുലൻസ് അച്ചൻകോവിലിലുണ്ടെങ്കിലും ഡ്രൈവർക്ക്

ശമ്പളം നൽകാൻ ഫണ്ടില്ലാത്തതിനാൽ ആംബുലൻസ് ഉപയോഗശൂന്യമായിക്കിടക്കുകയാണെന്നും ഡി.എം.ഒ. അറിയിച്ചു. ആംബുലൻസിനു ഡ്രൈവറെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും അനുമതി ലഭിച്ചിട്ടില്ലെന്നും നിലവിൽ സ്വകാര്യവാഹനങ്ങളിൽ രോഗികളെ പുനലൂരിൽ എത്തിക്കുന്നതിനു ഭാരിച്ച തുക വാടകയിനത്തിൽ നൽകേണ്ടിവരുന്നതായും ആയതിനാൽ ആംബുലൻസിനു ഡ്രൈവറെ നിയമിക്കുന്നതിനുവേണ്ടി സമിതി ശുപാർശ ചെയ്യണമെന്നും റ്റി.ഡി.ഒ. ബോധിപ്പിക്കുകയുണ്ടായി.

8. അച്ചൻകോവിലിലും സമീപകോളനികളിലും സ്കൂളിൽ പോകാത്ത കുട്ടികൾ ഏറെയുണ്ടെന്നും അവരെയെല്ലാം ഹോസ്റ്റലുകളിൽ താമസിപ്പിച്ച് സ്കൂളിൽ അയയ്ക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് സമിതി നിർദ്ദേശിച്ചു. അച്ചൻകോവിൽ പ്രീമെട്രിക് ഹോസ്റ്റലിൽ സമീപകാലത്തായി വനത്തിനുള്ളിൽ നിന്നും കൊണ്ടുവന്ന 5 കുട്ടികളടക്കം നിലവിൽ 46 കുട്ടികളുണ്ടെന്നും കുട്ടികൾക്കു സ്കൂളിൽപ്പോകാൻ വാഹനസൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ടെന്നും കൂടുതൽ കുട്ടികളെ താമസിപ്പിക്കാൻ അവിടെ സൗകര്യങ്ങളില്ലെന്നും, എന്നാൽ സ്കൂളിൽ പോകാതെനിൽക്കുന്ന എല്ലാ കുട്ടികളെയും മറ്റു പ്രീമെട്രിക് ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളിലുമായി പ്രവേശിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്നും റ്റി.ഡി.ഒ. അറിയിച്ചു.

9. കൊല്ലം കളക്ടറേറ്റിലെ തെളിവെടുപ്പ് യോഗത്തിനുശേഷം സമിതി അച്ചൻകോവിൽ ആദിവാസി കോളനി സന്ദർശനത്തിനായി പുറപ്പെടുകയുണ്ടായി. മലപ്പണ്ടാര വിഭാഗത്തിൽപ്പെട്ട 136 കുടുംബങ്ങളാണു കോളനിയിലുള്ളതെങ്കിലും ഒട്ടേറെ കുടുംബങ്ങൾ ഒരിടത്തും സ്ഥിരതാമസമില്ലാതെ വനത്തിനുള്ളിൽ അലഞ്ഞുതിരിയുന്നവരാണ്. അക്ഷരാഭ്യാസംപോലും ലഭിച്ചിട്ടില്ലാത്ത അനേകം കുട്ടികളെ സമിതി കണ്ടെത്തി. ചെറിയ ക്ലാസുകളിൽ പഠനം അവസാനിപ്പിച്ചശേഷം രക്ഷിതാക്കൾക്കൊപ്പം കൂലിപ്പണിക്കുപോകുന്ന കുട്ടികളും, വനവിഭവങ്ങൾ ശേഖരിക്കുന്നതിനായി രക്ഷിതാക്കൾക്കൊപ്പം വനത്തിനുള്ളിൽ അലഞ്ഞുതിരിയുന്ന കുട്ടികളും നിരവധിയാണ്.

10. കോളനിയിലെ 32 വീടുകൾക്ക് മേൽക്കൂരയില്ല. മിക്ക വീടുകൾക്കും പ്ലാസ്റ്റിക് ഷീറ്റുകളാണ് മേൽക്കൂരയായി വച്ചിരിക്കുന്നത്. ടാർപ്പാളിൻ കൊണ്ടുനിർമ്മിച്ച വീടുകളും നിരവധിയാണ്. വീടുനിർമ്മാണത്തിന് പഞ്ചായത്ത് ഒരു ലക്ഷം രൂപ വീതം അനുവദിച്ചിരുന്നുവെങ്കിലും വർദ്ധിച്ച ഗതാഗതച്ചെലവും നിർമ്മാണസാമഗ്രികളുടെ വിലവർദ്ധനവുംമൂലം പ്രസ്തുത തുക ഉപയോഗിച്ച് വീടുനിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്നും സർക്കാരിൽനിന്നും ആനുകൂല്യങ്ങളൊന്നും ലഭിക്കാറില്ലെന്നും അധികധനസഹായം ലഭിച്ചെങ്കിൽമാത്രമേ വാസയോഗ്യമായ വീട് എന്ന സ്വപ്നം സഫലമാകുകയുള്ളൂവെന്നും കോളനി നിവാസികൾ പറഞ്ഞു.

11. കോളനിയിലെ മിക്കവീടുകൾക്കും വൈദ്യുതി കണക്ഷനില്ലെന്നും കോളനി നിവാസികൾക്കു കുരിയോട്ടുമലയിൽ അനുവദിച്ച ഭൂമി കയ്യേറിയതായും ഏറെ നാളായി എസ്.ടി. പ്രൊമോട്ടർ ഇല്ലായിരുന്നെന്നും പുതിയ എസ്.ടി. പ്രൊമോട്ടറെ നിയമിച്ചിട്ട് രണ്ടുദിവസമേ ആയിട്ടുള്ളൂവെന്നും കോളനിനിവാസികൾ പറഞ്ഞു.

12. സന്ദർശനത്തിന്റെ രണ്ടാം ദിവസമായ 2013 സെപ്റ്റംബർ 4-ാം തീയതി രാവിലെ 8 മണിക്ക് അച്ചൻകോവിൽ പ്രീമെട്രിക് ഹോസ്റ്റലിൽ സമിതി യോഗം ചേർന്ന് കോളനി നിവാസികളിൽ നിന്നും പരാതികൾ സ്വീകരിക്കുകയുണ്ടായി.

13. അച്ചൻകോവിൽ ആദിവാസി കോളനിയിൽനിന്നും സ്കൂളിൽ പോയിട്ടില്ലാത്ത കുട്ടികളിൽ പലർക്കും സ്കൂളിൽ പോകാനും പഠിക്കാനും താൽപ്പര്യമുണ്ടെങ്കിലും രക്ഷിതാക്കൾ അറിവില്ലായ്മമൂലം കുട്ടികളെ സ്കൂളിൽ അയയ്ക്കാൻ തയ്യാറാകുന്നില്ലെന്നും, മോഡൽ റസിഡൻഷ്യൽ സ്കൂളിലും പ്രീമെട്രിക് ഹോസ്റ്റലുകളിലും സർക്കാർ എല്ലാവിധ ആനുകൂല്യങ്ങളും നൽകി കുട്ടികളെ പഠിപ്പിക്കുമ്പോൾ, ഒരു വിഭാഗം ആദിവാസിക്കുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നത് നീതീകരിക്കാനാകില്ലെന്നും അടിയന്തരമായി കുട്ടികളെയെല്ലാം സ്കൂളിൽ അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ബന്ധപ്പെട്ടവർക്ക് സമിതി നിർദ്ദേശം നൽകുകയുണ്ടായി.

14. കോളനിയിൽ അഭ്യസ്തവിദ്യരായ യുവാക്കൾ ഏറെയുണ്ടെന്നും എന്നാൽ വനംവകുപ്പ് വാച്ചർ തസ്തികയിലും മറ്റും നിയമനം നടത്തുമ്പോൾ ആദിവാസികളെ അവഗണിക്കുന്നതായും കോളനിനിവാസികൾ പരാതിപ്പെട്ടു. വനംവകുപ്പ് വാച്ചർ തസ്തികയിലും മറ്റും നിയമനംനടത്തുമ്പോൾ അഭ്യസ്തവിദ്യരായ ആദിവാസികൾക്ക് മുൻഗണന നൽകണമെന്നും കൂടാതെ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകൾക്ക് അപേക്ഷിക്കാൻ വിദ്യാഭ്യാസയോഗ്യതയുള്ളവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്നും മത്സരപ്പരീക്ഷാ പരിശീലനങ്ങൾ സംഘടിപ്പിക്കണമെന്നും ബന്ധപ്പെട്ടവരോട് സമിതി നിർദ്ദേശിച്ചു.

15. കോളനിയിലെയും ഹോസ്റ്റലിലെയും കുട്ടികൾക്ക് സ്കൂളിൽ പോകുന്നതിന് വാഹനസൗകര്യം ഏർപ്പെടുത്തണമെന്നും ആദിവാസി കോളനിയിലെ കൃഷിക്കാരെ വന്യമൃഗശല്യത്തിൽ നിന്നും രക്ഷിക്കണമെന്നും കൃഷിസ്ഥലത്തേക്ക് വനത്തിൽ നിന്നും വരുന്ന തോടുകൾക്ക് സംരക്ഷണഭിത്തി നിർമ്മിക്കണമെന്നും അപകടാവസ്ഥയിലായ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കണമെന്നും കാന്തമല ശിവൻകോവിൽ റോഡ് കോൺക്രീറ്റ് ചെയ്യണമെന്നും അലിമുക്ക്-അച്ചൻകോവിൽ റോഡ് ഗതാഗതയോഗ്യമാക്കണമെന്നും പുനലൂർ പോയി പഠിക്കുന്ന കോളനിയിലെ കുട്ടികൾക്ക് കെ.എസ്.ആർ.ടി.സി. കൺസഷൻ അനുവദിക്കണമെന്നും ഊരുമൂപ്പൻ ആവശ്യപ്പെട്ടു.

16. പ്രീമെട്രിക് ഹോസ്റ്റലിനുസമീപത്തായി പ്രവർത്തിച്ചിരുന്ന പി.എച്ച്.സി.-യുടെ സബ്സെന്റർ പുനഃസ്ഥാപിച്ച് രണ്ട് സ്ഥിരം ഡോക്ടർമാരെ നിയമിക്കണമെന്നും 108 ആംബുലൻസ് കോളനിയിലേക്ക് അനുവദിക്കണമെന്നും കോളനിനിവാസികൾ ആവശ്യപ്പെട്ടു. കിടത്തിച്ചികിത്സാ സൗകര്യത്തോടുകൂടിയ ആശുപത്രി ആരംഭിക്കണമെന്നും കൂടാതെ അച്ചൻകോവിലിൽ പ്രവർത്തിക്കുന്ന ആയുർവ്വേദാശുപത്രിയിലും രണ്ട് സ്ഥിരം ഡോക്ടർമാരെ നിയമിക്കണമെന്നും സമിതി നിർദ്ദേശിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഒന്നര ഏക്കർ സ്ഥലത്ത് വനംവകുപ്പിന്റെ പദ്ധതിയായ ഗ്രീൻ ഇൻഡ്യ മിഷൻ പ്രകാരം ആശുപത്രി കെട്ടിടം നിർമ്മിക്കാൻ കഴിയുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

17. കോളനിയിലേക്കുള്ള പുതിയ റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കണമെന്നും നിലവിലുള്ള റോഡുകൾ പുനരുദ്ധരിക്കണമെന്നും സഹകരണ ബാങ്കിന്റെ ഒരു ശാഖ അച്ചൻകോവിലിൽ ആരംഭിക്കുന്നതിനു നടപടിയുണ്ടാകണമെന്നും വനംവകുപ്പിന്റെ കീഴിലുള്ള എല്ലാ ജോലികൾക്കും ആദിവാസികൾക്ക് മുൻഗണന നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

18. തുടർന്ന് സമിതി അച്ചൻകോവിൽ കോളനിയുടെ സമീപത്തുള്ള വളയം കോളനി സന്ദർശിച്ചു. വനവിഭവങ്ങൾ ശേഖരിക്കുന്നതിനായും വനംവകുപ്പിന്റെ കീഴിലുള്ള ജോലികൾക്കായും മറ്റും വിവിധ കോളനികളിൽനിന്നു വന്ന് താൽക്കാലിക ഷെഡ്ഡുകൾ നിർമ്മിച്ചുതാമസിക്കുന്ന 8 കുടുംബങ്ങളാണ് പ്രസ്തുത കോളനിയിൽ നിലവിലുള്ളത്. കോളനി നിവാസികൾ വനംവകുപ്പിന്റെ വൃക്ഷത്തൈ നഴ്സറിയിൽ എട്ടുമാസം ജോലി ചെയ്തിട്ടും ശമ്പളം നൽകിയിട്ടില്ലെന്നും വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിന് സ്വയം പടക്കംവാങ്ങേണ്ട സ്ഥിതിയാണെന്നും കോളനിനിവാസികൾ പറഞ്ഞു.

19. കോളനിയിൽനിന്നും സ്കൂളിൽ പോയിട്ടില്ലാത്ത കുട്ടികളെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ പ്രവേശിപ്പിക്കുമെന്നും, കൂടാതെ സ്കൂളിൽ ചേർക്കുന്നതിനുള്ള പ്രായപരിധി പിന്നിട്ട കുട്ടികളെ മുള്ളുമലയിലെ ഏകാധ്യാപക വിദ്യാലയത്തിൽ അയച്ചുപഠിപ്പിക്കുമെന്നും റ്റി.ഡി.ഒ. അറിയിച്ചു.

## സമിതിയുടെ ശുപാർശകളും നിർദ്ദേശങ്ങളും

20. അച്ചൻകോവിൽ ആദിവാസി കോളനിയിൽ ഔദ്യോഗിക രേഖകൾപ്രകാരം 136 കുടുംബങ്ങളാണു താമസിക്കുന്നത്. എന്നാൽ അൻപതോളം കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനുള്ള യാതൊരു ധനസഹായവും സർക്കാരിൽനിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ ഒട്ടേറെ കുടുംബങ്ങൾ വനത്തിനുള്ളിൽ അലഞ്ഞുതിരിയുകയാണ്. കോളനിയിൽത്തന്നെ സ്ഥിരതാമസമുള്ളവരാകട്ടെ, ടാർപ്പാളിൻകൊണ്ടും പ്ലാസ്റ്റിക് ഷീറ്റുകൊണ്ടും നിർമ്മിച്ച ഷെഡ്ഡുകളിലാണ് അഭയം പ്രാപിച്ചിരിക്കുന്നത്. പട്ടികവിഭാഗങ്ങളുടെ ഉന്നമനത്തിനായി ഓരോ സാമ്പത്തിക വർഷത്തിലും കോടിക്കണക്കിനു രൂപ ചെലവഴിക്കപ്പെടുമ്പോഴും, ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് അടിസ്ഥാനസൗകര്യങ്ങളും ജീവിതസുരക്ഷിതത്വവും നിഷേധിക്കപ്പെടുന്നത് ഗുരുതരമായ കൃത്യവിലോപമായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇനിയും വീടുനിർമ്മിച്ചുനൽകിയിട്ടില്ലാത്ത എല്ലാ കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് നിർമ്മിച്ചുനൽകുന്നതിന് ദ്രുതഗതിയിലുള്ള നടപടിയുണ്ടാകണമെന്നും കൂടാതെ കാലപ്പഴക്കത്താൽ നാശോന്മുഖമായ എല്ലാ വീടുകളും പുനർനിർമ്മിച്ചു നൽകണമെന്നും എല്ലാ വീടുകളിലും ശൗചാലയങ്ങൾ നിർമ്മിച്ചു നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

21. അച്ചൻകോവിൽ ആദിവാസി കോളനിയിൽ സർക്കാരിന്റെ വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം നിർമ്മിച്ച 32 വീടുകൾ, നിർമ്മാണവസ്തുക്കളുടെ വിലവർദ്ധനവും വർദ്ധിച്ച കൂലിച്ചെലവും ഗതാഗതച്ചെലവുംമൂലം നിശ്ചിത തുകയ്ക്കുള്ളിൽ പൂർത്തീകരിക്കാതെ നാശോന്മുഖമായ അവസ്ഥയിലാണെന്ന്

സന്ദർശനവേളയിൽ സമിതിക്കു ബോധ്യപ്പെട്ടു. ആയതിനാൽ, വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം നിർമ്മാണം ആരംഭിച്ചതും, സാമ്പത്തിക പരാധീനത നിമിത്തം പൂർത്തീകരിക്കാത്തതുമായ എല്ലാ വീടുകളുടെയും നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഭാവിയിൽ വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം ധനസഹായം അനുവദിക്കുമ്പോൾ നിർമ്മാണച്ചുമതല ഏതെങ്കിലും സർക്കാർ ഏജൻസിയെ ഏൽപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

22. അച്ചൻകോവിൽ ആദിവാസി കോളനിയുടെ പല ഭാഗങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നതായി സന്ദർശനവേളയിൽ സമിതിക്കു ബോധ്യപ്പെട്ടു. കോളനിയിലെ ഏറ്റവും ഉയർന്ന പ്രദേശമായ പത്തേക്കറിൽ സ്ഥാപിച്ചിട്ടുള്ള ഒരു കുഴൽക്കിണറിനെ ആശ്രയിക്കുന്നത് മുപ്പതിലേറെ കുടുംബങ്ങളാണ്. മറ്റു പ്രദേശങ്ങളിലെ ജലസ്രോതസുകളും കാര്യക്ഷമമല്ല എന്നു സമിതി വിലയിരുത്തുന്നു. ആയതിനാൽ അച്ചൻകോവിൽ ആദിവാസി കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി, നിലവിലുള്ള ജലസ്രോതസ്സുകൾ കാര്യക്ഷമമാക്കുന്നതോടൊപ്പം ആവശ്യാനുസരണം കുഴൽക്കിണറുകളും പമ്പ്സെറ്റുകളും സ്ഥാപിക്കണമെന്നും പമ്പ്സെറ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള വൈദ്യുതിച്ചാർജ്ജ് പട്ടികവർഗ്ഗ വികസന വകുപ്പ് വഹിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

23. അച്ചൻകോവിൽ ആദിവാസി കോളനിയിലെ വൈദ്യുതി വിതരണത്തിനായി കെ.എസ്.ഇ.ബി. സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകളിൽ ഭൂരിഭാഗവും കോളനി നിവാസികളുടെ കൈവശഭൂമിയിലാണു സ്ഥിതിചെയ്യുന്നത്. കൂടാതെ കാലപ്പഴക്കം കൊണ്ടു ജീർണ്ണാവസ്ഥയിലായ തടിനിർമ്മിത പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടില്ല. വീടുകൾക്കും കൃഷിഭൂമിക്കും മുകളിലൂടെ കടന്നുപോകുന്ന വൈദ്യുത കമ്പികളും ജീർണ്ണാവസ്ഥയിലായ പോസ്റ്റുകളും കടുത്ത സുരക്ഷാഭീഷണിയുയർത്തുന്നതായി സമിതിക്കു ബോധ്യപ്പെട്ടു. ആയതിനാൽ, അച്ചൻകോവിൽ ആദിവാസി കോളനിയിൽ, സുരക്ഷാഭീഷണിയായി നിൽക്കുന്ന എല്ലാ തടിനിർമ്മിത പോസ്റ്റുകളും മാറ്റി കോൺക്രീറ്റ് പോസ്റ്റുകൾ സ്ഥാപിക്കണമെന്നും റോഡുകൾ നിലവിലുള്ള എല്ലാ ഭാഗങ്ങളിലും പോസ്റ്റുകൾ റോഡരികിലേക്കു മാറ്റി സ്ഥാപിക്കണമെന്നും ആവശ്യാനുസരണം വഴിവിളക്കുകൾ സ്ഥാപിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം കോളനിനിവാസികളുടെ ആരാധനാലയമായ കാന്തമല ശിവൻകോവിലിന്റെ മേൽക്കൂര നിർമ്മാണത്തിനു തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്പോസ്റ്റ് മാറ്റിസ്ഥാപിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

24. അച്ചൻകോവിൽ ആദിവാസി കോളനിയിലെ ഒട്ടേറെ വീടുകൾ വൈദ്യുതീകരിച്ചിട്ടില്ലാത്തത് സന്ദർശനവേളയിൽ സമിതിക്കു ബോധ്യപ്പെട്ടു. നിർമ്മാണം പൂർത്തീകരിച്ച വീടുകളിൽ പലതിലും വയറിംഗ് നടത്തിയിട്ടില്ലാത്തതിനാൽ, സൗജന്യ വൈദ്യുതികണക്ഷന്റെ ആനുകൂല്യം ലഭിക്കാത്ത സാഹചര്യമാണെന്നു സമിതി വിലയിരുത്തുന്നു. ആയതിനാൽ സാമ്പത്തിക ബുദ്ധിമുട്ടുമൂലം വയറിംഗ് നടത്തിയിട്ടില്ലാത്തതായ എല്ലാ വീടുകളിലും വയറിംഗ് നടത്തുന്നതിന് ധനസഹായം നൽകണമെന്നും അടിയന്തരമായി എല്ലാ വീടുകളും വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

25. ആര്യങ്കാവ് പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ഒരു സബ്സെന്റർ അച്ചൻകോവിൽ ആദിവാസി കോളനിയിൽ, പട്ടികവർഗ്ഗ വികസന വകുപ്പ് വാടകയ്ക്കു നൽകിയ കെട്ടിടത്തിൽ വർഷങ്ങളായി പ്രവർത്തിച്ചിരുന്നുവെങ്കിലും, അച്ചൻകോവിലിലെ ഇതര വിഭാഗക്കാരുടെ ആവശ്യം പരിഗണിച്ച് പ്രസ്തുത സബ്സെന്റർ കോളനിയിൽ നിന്നുംമാറ്റി അച്ചൻകോവിൽ ജംഗ്ഷനിൽ സ്ഥാപിക്കുകയാണു ചെയ്തത്. ആഴ്ചയിൽ ഒരുദിവസം മാത്രം ഡോക്ടറുടെ സേവനം ലഭ്യമാകുന്ന പ്രസ്തുത സബ്സെന്റർ കോളനി നിവാസികളുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമാകുന്നില്ല. ചെറിയ ആരോഗ്യ പ്രശ്നങ്ങൾക്കുപോലും കോളനി നിവാസികൾ പുനലൂർ താലൂക്ക് ആശുപത്രിയെ ആശ്രയിക്കേണ്ട അവസ്ഥയാണെന്നു സമിതിക്കു മനസ്സിലാക്കാൻ സാധിച്ചു. ആയതിനാൽ പകർച്ചവ്യാധികളും കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങളും നിത്യസംഭവമായ അച്ചൻകോവിൽ ആദിവാസി കോളനിയിൽ കിടത്തിച്ചികിത്സാ സൗകര്യത്തോടുകൂടിയ ആശുപത്രി ആരംഭിക്കണമെന്നും രണ്ടു സ്ഥിരം ഡോക്ടർമാരുടെയും അനുബന്ധ സ്റ്റാഫുകളുടെയും സേവനം ലഭ്യമാക്കണമെന്നും മാസത്തിലൊരിക്കൽ മെഗാമെഡിക്കൽ ക്യാമ്പ് നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ അച്ചൻകോവിലിൽ പ്രവർത്തിക്കുന്ന ആയുർവ്വേദാശുപത്രിയിൽ രണ്ടു ഡോക്ടർമാരുടേയും മറ്റനുബന്ധ ജീവനക്കാരുടേയും സേവനം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

26. അച്ചൻകോവിൽ ആദിവാസി കോളനിയിലേക്ക് ആരോഗ്യ വകുപ്പ് റ്റി.എസ്.പി. ഫണ്ട് ഉപയോഗിച്ചുവാങ്ങിയ ആംബുലൻസ് ഡ്രൈവറെ നിയമിച്ചിട്ടില്ലാത്തതിനാൽ ഉപയോഗശൂന്യമായിരിക്കുകയാണെന്ന് സമിതിക്കു ബോധ്യപ്പെട്ടു. ആംബുലൻസിന്റെ സേവനം ലഭിക്കാത്തതിനാൽ സ്വകാര്യവാഹനങ്ങളിൽ ഭീമമായ വാടക നൽകിയാണ് രോഗികൾ പുനലൂർ താലൂക്ക് ആശുപത്രിയിലും മറ്റും എത്തുന്നത്. ഇത് ആദിവാസികളോടുള്ള കടുത്ത അനീതിയായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ആരോഗ്യ വകുപ്പ് റ്റി.എസ്.പി. ഫണ്ടുപയോഗിച്ചു വാങ്ങിയ ആംബുലൻസിന് അടിയന്തരമായി ഡ്രൈവറെ നിയമിക്കണമെന്നും ഡ്രൈവറുടെ ശമ്പളം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടിൽനിന്നു നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

27. പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികളിൽവരെ സൗജന്യചികിത്സ ഉറപ്പാക്കുന്ന പദ്ധതി നിലവിലുണ്ടെങ്കിലും, അച്ചൻകോവിൽ ആദിവാസി കോളനിയിൽനിന്നും ചികിത്സാർത്ഥം പുനലൂർ താലൂക്ക് ആശുപത്രിയിലെത്തുന്ന രോഗികളെ വിദഗ്ദ്ധപരിശോധനകൾക്കെന്നുപറഞ്ഞ് സ്വകാര്യ ലാബുകളിലേക്ക് പറഞ്ഞയയ്ക്കുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നതായി സമിതിക്കു ബോധ്യപ്പെട്ടു. ഇത്തരം പ്രവണതമൂലം ആദിവാസികൾ ചികിത്സ കഴിയുമ്പോഴേക്കും വലിയ കടബാധിതരായി മാറുകയാണ്. ആയതിനാൽ ചികിത്സാർത്ഥം പുനലൂർ താലൂക്ക് ആശുപത്രിയിൽ എത്തുന്ന എല്ലാ ആദിവാസികൾക്കും സൗജന്യചികിത്സ പൂർണ്ണമായ അർത്ഥത്തിൽ ഉറപ്പുവരുത്തണമെന്നും, ഇനിയും ഹെൽത്ത് കാർഡ് നൽകിയിട്ടില്ലാത്ത എല്ലാ കുടുംബങ്ങൾക്കും ഹെൽത്ത് കാർഡ് വിതരണം ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു. താലൂക്ക് ആശുപത്രിയിൽ ചികിത്സതേടുന്ന ആദിവാസികൾക്ക്

പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നു നൽകുന്ന ആശ്വാസ ധനസഹായം അഞ്ഞൂറ് രൂപയിൽ നിന്നും കാലോചിതമായി പരിഷ്കരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

28. അച്ചൻകോവിൽ ആദിവാസി കോളനിയിൽ നിന്നുള്ള നൂറോളം കുട്ടികളടക്കം ആകെ നാനൂറോളം കുട്ടികൾ പഠിക്കുന്ന അച്ചൻകോവിൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ സ്ഥിരം അധ്യാപകരായി നിയമിക്കപ്പെടുന്നവരിൽ ഭൂരിഭാഗവും, താമസ-ഗതാഗത സൗകര്യങ്ങളുടെ പരിമിതിമൂലം നിയമനം ലഭിച്ച് ദിവസങ്ങൾക്കുള്ളിൽത്തന്നെ സ്ഥലംമാറിപ്പോകുന്ന പ്രവണതയാണ് നിലനിൽക്കുന്നത്. തത്ഫലമായി, വിദ്യാർത്ഥികളുടെ പഠനനിലവാരം വളരെ പരിതാപകരമാകുന്നു എന്നതിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തുന്നു. പല വിഷയങ്ങൾക്കും താൽക്കാലിക അധ്യാപകരെയെങ്കിലും നിയമിക്കുന്നത് അധ്യയന വർഷത്തിന്റെ അവസാനമാസങ്ങളിൽ മാത്രമാണ്. ആയതിനാൽ അച്ചൻകോവിൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ പഠനനിലവാരം ഉയർത്തുന്നതിനു വേണ്ടി അധ്യയന വർഷത്തിന്റെ ആരംഭത്തിൽത്തന്നെ എല്ലാ വിഷയങ്ങൾക്കും അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അധ്യാപകർക്ക് താമസസൗകര്യം ആവശ്യമാണെങ്കിൽ അതിനുള്ള ക്രമീകരണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

29. അച്ചൻകോവിൽ ആദിവാസി കോളനിയിൽ അംഗൻവാടി പ്രവർത്തിക്കുന്നുണ്ടെങ്കിലും കോളനിയിലെ ആദിവാസിക്കുട്ടികളിൽ ഭൂരിഭാഗവും അവിടെ പഠിക്കാനെത്തുന്നില്ല എന്നത് അത്യന്തം ഗൗരവമായി സമിതി വിലയിരുത്തുന്നു. അക്ഷരാഭ്യാസം നേടാതെ ഒന്നാം ക്ലാസിൽ നേരിട്ടു പ്രവേശിക്കുന്നതുമൂലം പത്താം ക്ലാസിലെത്തിയാൽപ്പോലും കുട്ടികളിൽ പലർക്കും എഴുത്തും വായനയും അറിയാത്ത സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ആയതിനാൽ അച്ചൻകോവിൽ ആദിവാസി കോളനിയിലെ നാലുവയസ് പൂർത്തിയായ എല്ലാ കുട്ടികളെയും അംഗൻവാടിയിൽ അയച്ചു പഠിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ അച്ചൻകോവിൽ ആദിവാസി കോളനിയിൽ നഴ്സറി സ്കൂൾ ആരംഭിക്കുന്നതിനു നടപടിയുണ്ടാകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

30. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങളിൽ പരമപ്രാധാന്യം നൽകേണ്ടത് കുട്ടികളുടെ വിദ്യാഭ്യാസത്തിനാണെന്നും അതു വിസ്മരിച്ചുകൊണ്ടു നടത്തുന്ന പ്രവർത്തനങ്ങൾ അർത്ഥശൂന്യമാണെന്നും തിരിച്ചറിയുന്ന കാലഘട്ടത്തിലും, അച്ചൻകോവിൽ ആദിവാസി കോളനിയിൽ അക്ഷരാഭ്യാസംപോലും ലഭിച്ചിട്ടില്ലാത്തതും ചെറിയ ക്ലാസുകളിൽ പഠനം അവസാനിപ്പിച്ചതുമായ കുട്ടികളുണ്ട് എന്നത് ആധുനികസമൂഹത്തിന് അപമാനകരമാണെന്ന് സമിതി വിലയിരുത്തുന്നു. ബന്ധപ്പെട്ട വകുപ്പുകൾ ജാഗ്രത പാലിക്കാത്തതു കൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നതെന്നത് വ്യക്തമാണ്. ആയതിനാൽ, അച്ചൻകോവിൽ ആദിവാസി കോളനിയിലെ ആറു വയസ്സ് പൂർത്തിയാകുന്ന എല്ലാ കുട്ടികളും ഒന്നാം ക്ലാസിൽ പ്രവേശനം നേടുന്നുണ്ടെന്നും ഒന്നാം ക്ലാസിൽ പ്രവേശനം നേടുന്ന എല്ലാ കുട്ടികളും പഠനം ഇടയ്ക്കുവച്ചവസാനിപ്പിക്കാതെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നുണ്ടെന്നും ഉറപ്പുവരുത്താൻ പദ്ധതി തയ്യാറാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

31. അക്ഷരാഭ്യാസംപോലും ലഭിച്ചിട്ടില്ലാത്തതും എന്നാൽ സ്കൂളിൽ പ്രവേശിപ്പിക്കുന്നതിനുള്ള പ്രായപരിധി പിന്നിട്ടതുമായ അനേകം കുട്ടികൾ അച്ചൻകോവിൽ ആദിവാസി കോളനിയിലുള്ളതായി സമിതിക്കു ബോധ്യപ്പെട്ടു. ഇത്തരത്തിലുള്ളവരെയെല്ലാം പതിനെട്ടു കിലോമീറ്റർ അകലെ മുള്ളുമലയിലെ ഏകാധ്യാപക വിദ്യാലയത്തിൽ അയച്ചുപഠിപ്പിക്കുക പ്രായോഗികമല്ലെന്നു സമിതി വിലയിരുത്തുന്നു. ആയതിനാൽ അച്ചൻകോവിൽ ആദിവാസി കോളനിയിൽ അടിയന്തരമായി ഏകാധ്യാപക വിദ്യാലയം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

32. അച്ചൻകോവിൽ ആദിവാസി കോളനിയിൽനിന്നും എസ്.എസ്.എൽ.സി. പൂർത്തിയാക്കുന്ന എല്ലാ കുട്ടികളും ഉപരിപഠനം നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും ഉപരിപഠനം നടത്തുന്ന എല്ലാ കുട്ടികൾക്കും ആവശ്യമെങ്കിൽ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

33. അച്ചൻകോവിൽ ആദിവാസി കോളനിയിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് മൽസരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്നും പരിശീലന ക്ലാസുകൾ സംഘടിപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

34. അച്ചൻകോവിൽ ആദിവാസി കോളനിയിൽനിന്നും മറ്റും പുനലൂരിൽ ഉപരിപഠനത്തിനുപോകുന്ന നിരവധി വിദ്യാർത്ഥികളുള്ളതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ കെ.എസ്.ആർ.ടി.സി. നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന സർവ്വീസുകൾ പ്രസ്തുത വിദ്യാർത്ഥികൾക്കു പ്രയോജനകരമാകുന്നില്ല എന്നു സമിതി വിലയിരുത്തുന്നു. ആയതിനാൽ രാവിലെ 8.30-നുശേഷം അച്ചൻകോവിലിൽ നിന്നുപുറപ്പെടുന്ന ബസിന്റെ സമയം 8 മണിയായി പുനർനിർണ്ണയിച്ച് 9.45-ഓടുകൂടി പുനലൂരിൽ എത്തുന്ന രീതിയിൽ ക്രമീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ അച്ചൻകോവിൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകരുടെയും വിദ്യാർഥികളുടെയും യാത്രാസൗകര്യംകൂടി പരിഗണിച്ച് രാവിലെ 10 മണിയോടുകൂടി അച്ചൻകോവിലിൽ എത്തുന്ന രീതിയിലും വൈകുന്നേരം 4 മണിക്ക് അച്ചൻകോവിലിൽ നിന്നും പുറപ്പെടുന്ന രീതിയിലും കെ.എസ്.ആർ.ടി.സി. പുനലൂർ-അലിമുക്ക്-അച്ചൻകോവിൽ റൂട്ടിൽ ഒരു പുതിയ സർവ്വീസ് ആരംഭിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം അച്ചൻകോവിൽ-പുനലൂർ റൂട്ടിൽ പ്രത്യേക പരിഗണന നൽകിക്കൊണ്ടും മറ്റു നിബന്ധനകൾ ഒഴിവാക്കിക്കൊണ്ടും വിദ്യാർത്ഥികൾക്കായി കെ.എസ്.ആർ.ടി.സി. കൺസഷൻ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

35. അച്ചൻകോവിൽ ആദിവാസി കോളനിയിലെ ഭൂരഹിതരിൽ പലർക്കും കുരിയോട്ടുമലയിൽ ഭൂമി ലഭിച്ചെങ്കിലും വരുമാനമാർഗ്ഗങ്ങളുടെ അഭാവംമൂലം അവിടെ താമസിക്കാതെ അച്ചൻകോവിലിലെ ഉൾവനങ്ങളായ പുലിക്കയം, കല്ലാർ, കാനയാർ, വാഴപ്പെരിയാർ എന്നിവിടങ്ങളിൽ കുടിയേറിയിട്ടുള്ള എല്ലാ ആദിവാസികളെയും വനത്തിനുള്ളിൽനിന്നും കുടിയിറക്കി അവർക്ക് മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളും വരുമാനമാർഗ്ഗങ്ങളും ഉറപ്പുവരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

36. അച്ചൻകോവിലിലെ മണലാർ-കുംഭാവുരുട്ടി വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന മണലാർ-കുംഭാവുരുട്ടി വനസംരക്ഷണ സമിതിയുടെ ഭരണസമിതിയിൽ നിന്നും പട്ടികവർഗ്ഗക്കാരെ പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണെന്നും വനസംരക്ഷണസമിതിയുമായി ബന്ധപ്പെട്ട ജോലികൾക്ക് ആദിവാസി വിഭാഗത്തിൽനിന്നും 5 പേരെ മാത്രമാണു നിയമിച്ചിട്ടുള്ളതെന്നും സന്ദർശനവേളയിൽ സമിതിക്കു ബോധ്യപ്പെട്ടു. ആദിവാസികൾക്കു മാത്രമായി വനസംരക്ഷണസമിതി നിലവിലുണ്ടെങ്കിലും അച്ചൻകോവിലിൽ ബാക്കിയുള്ള 4 വനസംരക്ഷണ സമിതികളിലും ആദിവാസി പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മണലാർ-കുംഭാവുരുട്ടി ഉൾപ്പെടെയുള്ള എല്ലാ വനസംരക്ഷണ സമിതി ഭരണസമിതികളിലും ആദിവാസി പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്നും ആദിവാസികൾക്കുള്ള തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

37. അച്ചൻകോവിൽ ആദിവാസി കോളനിയിൽ ഇരുപത്തഞ്ചിലധികം വർഷങ്ങൾക്കുമുമ്പ് പ്ലാന്റ് ചെയ്തിരുന്നതും 85 ഏക്കറോളം വരുന്നതുമായ റബ്ബർ മരങ്ങൾ കാലപ്പഴക്കംകൊണ്ട് ഉൽപ്പാദനക്ഷമത കുറഞ്ഞതായും നാശോന്മുഖമായി കൊണ്ടിരിക്കുന്നതായും സമിതിക്കു ബോധ്യപ്പെട്ടു. ആയതിനാൽ ഉൽപ്പാദന വർദ്ധനവ് കൈവരിക്കുന്നതിനായി നിലവിലുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിനും മുന്തിയ ഇനം റബ്ബർ തൈകൾ റീപ്ലാന്റ് ചെയ്യുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പ്രസ്തുത ചുമതല റബ്ബർ ബോർഡിനെ ഏൽപ്പിക്കണമെന്നും റീപ്ലാന്റേഷനു വേണ്ടിവരുന്ന ചെലവ് സർക്കാരും റബ്ബർബോർഡും ചേർന്നു വഹിക്കണമെന്നും കൂടാതെ ആദിവാസികൾക്ക് ശാസ്ത്രീയ റബ്ബർകൃഷി രീതിയെ സംബന്ധിച്ച് പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

38. അച്ചൻകോവിൽ ഉൾവനങ്ങളിൽ സംഭവിക്കുന്ന ഉരുൾപൊട്ടലിന്റെയും മറ്റും ഫലമായി ശക്തമായ മലവെള്ളപ്പാച്ചിലുണ്ടാകുമ്പോൾ, അച്ചൻകോവിലാറിന്റെ ഗതിമാറി കോളനിനിവാസികളുടെ ജീവനും സ്വത്തിനും ഭീഷണിയുയരുന്നുണ്ടെന്ന് സമിതിക്കു മനസ്സിലാക്കാൻ സാധിച്ചു. ആയതിനാൽ അപകടസ്ഥിതി നേരിടുന്ന പ്രദേശങ്ങളിൽ അച്ചൻകോവിലാറിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ വനത്തിനുള്ളിൽനിന്നും കോളനിയിലേക്ക് ഒഴുകുന്ന തോടുകൾക്കും സംരക്ഷണഭിത്തി നിർമ്മിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

39. 18 വയസിനുതാഴെ പ്രായമുള്ള പെൺകുട്ടികളെ വിവാഹം കഴിച്ചയയ്ക്കുന്ന പ്രവണത അച്ചൻകോവിൽ ആദിവാസി കോളനിയിൽ നിലനിൽക്കുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ അച്ചൻകോവിൽ ആദിവാസി കോളനിയിലെ ശൈശവ വിവാഹങ്ങൾ തടയുന്നതിനായി രക്ഷിതാക്കളുടെയിടയിൽ ബോധവത്കരണം നടത്തണമെന്നും ആവശ്യമെങ്കിൽ ശക്തമായ നിയമനടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

40. 136 ആദിവാസി കുടുംബങ്ങളും 500-ഓളം പട്ടികജാതി കുടുംബങ്ങളും അധിവസിക്കുന്ന അച്ചൻകോവിൽ പ്രദേശത്ത് അംഗീകൃത ബാങ്കിംഗ് സൗകര്യം ലഭ്യമല്ലാത്തതിനാൽ ബാങ്ക് ഇടപാടുകൾക്ക് 45 കിലോമീറ്റർ അകലെ പുനലൂരിനെയാണ് ആശ്രയിക്കേണ്ടത്. ബാങ്ക് സൗകര്യമില്ലാത്ത സാഹചര്യം മുതലാക്കി, ബ്ലേഡ്മാഫിയകളും കൊള്ളപ്പലിശക്കാരും ആദിവാസികളെയുൾപ്പെടെ ചൂഷണം ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ പ്രദേശത്ത് ഒരു ബാങ്കിന്റെ സേവനം അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ആര്യങ്കാവ് സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ശാഖ അച്ചൻകോവിലിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

41. അച്ചൻകോവിൽ ആദിവാസി കോളനിയിൽ നിർമ്മാണം ആരംഭിച്ച കമ്മ്യൂണിറ്റി ഹാൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കണമെന്നും കൂടാതെ കോളനിയിൽ നിലവിലുള്ള ലൈബ്രറിയും വായനശാലയും വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും കൂടുതൽ പ്രയോജനകരമായ രീതിയിൽ പ്രവർത്തിപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കോളനിയിലെ യുവജനങ്ങളുടെ കായികാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനായി കളിസ്ഥലം അനിവാര്യമായതിനാൽ കമ്മ്യൂണിറ്റി ഹാളിന്റെ സമീപത്തുള്ള സ്ഥലം കളിസ്ഥലത്തിനായി വിട്ടുനൽകാൻ വനം വകുപ്പ് തയ്യാറാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

42. ആര്യങ്കാവ് വില്ലേജിന്റെ പരിധിയിലുള്ള അച്ചൻകോവിൽ, ആര്യങ്കാവ് ഗ്രാമ പഞ്ചായത്തിന്റെ 2 വാർഡുകൾ ഉൾപ്പെട്ട പ്രദേശമാണ്. പൂർണ്ണമായും വനത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന അച്ചൻകോവിലിൽ നിന്നും വില്ലേജ് ആസ്ഥാനത്തെത്തണമെങ്കിൽ പുനലൂർവഴി 75 കിലോമീറ്ററും തമിഴ്നാട് വഴിയാണെങ്കിൽ 48 കിലോമീറ്ററും യാത്ര ചെയ്യേണ്ട സാഹചര്യമാണ്. ആയതിനാൽ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത്, അച്ചൻകോവിൽ കേന്ദ്രമാക്കി പുതിയ വില്ലേജ് ഓഫീസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

43. അച്ചൻകോവിലിൽ നിന്നും പ്രിയ എസ്റ്റേറ്റ് വഴി കഴുതുരുട്ടിയിലേക്കുള്ള വനപാത ഗതാഗതയോഗ്യമാക്കിയാൽ, അച്ചൻകോവിൽ നിവാസികൾക്ക് പഞ്ചായത്ത് ആസ്ഥാനത്തെത്തുന്നതിനുള്ള ദൂരം ലഘൂകരിക്കാനാകുമെന്നു സമിതി വിലയിരുത്തുന്നു. ആയതിനാൽ അച്ചൻകോവിലിൽനിന്നും പ്രിയ എസ്റ്റേറ്റ് വഴി കഴുതുരുട്ടിയിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഗതാഗതയോഗ്യമല്ലാതായിമാറിയ അച്ചൻകോവിൽ-അലിമുക്ക്-റോഡ് അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

44. അച്ചൻകോവിലിലെ ആദിവാസി സമൂഹത്തിന്റെ സാമ്പത്തിക സാമൂഹ്യ ഉന്നമനം, ആരോഗ്യപരിപാലനം, വിദ്യാഭ്യാസ പുരോഗതി എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് കോളനിയുടെ സമഗ്രവികസനത്തിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

45. ആദിവാസികളുടെ അജ്ഞതയും ദൗർബല്യവും നിഷ്ക്കളങ്കതയുമെല്ലാം മുതലെടുക്കാൻ ചൂഷകർ തയ്യാറെടുത്തുനിൽക്കുന്ന കാലഘട്ടത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടായ പരിശ്രമം കൊണ്ടുമാത്രമേ അവരെ മുഖ്യധാരാ സമൂഹത്തിലേക്ക് എത്തിക്കാൻ സാധിക്കുകയുളളൂ. ആദിവാസി സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി സർക്കാർതലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കി, ഗുണഫലം യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയാൽ മാത്രമേ, ആദിവാസികളുടെ ദുരിതങ്ങൾക്കു പരിഹാരമാകുകയുള്ളൂ എന്നു സമിതി വിശ്വസിക്കുന്നു. കൂട്ടായ്മയോടെ പദ്ധതികൾ പ്രാവർത്തികമാക്കുക എന്ന ദൗത്യം ഏറ്റെടുക്കാൻ വിവിധ സർക്കാർ വകുപ്പുകൾ തയ്യാറാകേണ്ടതായിട്ടുണ്ട്. അപ്രകാരം വിവിധ സർക്കാർ വകുപ്പുകൾ ഒത്തൊരുമയോടെയും ആത്മാർത്ഥതയോടെയും പ്രവർത്തിച്ചാൽ അതിവേഗം നടപ്പിലാക്കാവുന്ന ഏതാനും ശുപാർശകളും നിർദ്ദേശങ്ങളും മാത്രമാണ് സമിതി ഈ റിപ്പോർട്ടിലൂടെ മുന്നോട്ടുവയ്ക്കുന്നത്. സമിതിയുടെ ശുപാർശകളും നിർദ്ദേശങ്ങളും അവ അർഹിക്കുന്ന പരിഗണനയോടുകൂടി നടപ്പിലാക്കാൻ വിവിധ വകുപ്പുകൾ ക്രിയാത്മകമായി പ്രവർത്തിക്കുമെന്ന് സമിതി ആത്മാർത്ഥമായി വിശ്വസിക്കുന്നു. സമിതിയുടെ അച്ചൻകോവിൽ സന്ദർശനവുമായി ബന്ധപ്പെട്ട് ക്രിയാത്മകമായി സഹകരിച്ച വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, സാമൂഹ്യ-സാംസ്കാരിക പ്രവർത്തകർ, മാധ്യമപ്രവർത്തകർ എന്നിവരോടും എല്ലാറ്റിനുമുപരി ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കി സമിതിയുടെ ഈ ഉദ്യമത്തിന് കരുത്തുപകർന്ന കോളനി നിവാസികളോടും സമിതിക്കുള്ള ആത്മാർത്ഥമായ നന്ദിയും കടപ്പാടും അറിയിക്കുകയും ചെയ്യുന്നു.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി.*

തിരുവനന്തപുരം,
2014 ജൂൺ 4.

അനുബന്ധം

## സമിതിയുടെ ശുപാർശകളും നിർദ്ദേശങ്ങളും

| *ക്രമ നമ്പർ* | *സമിതിയുടെ ശുപാർശകൾ/ നിർദ്ദേശങ്ങൾ* | *ഖണ്ഡിക നമ്പർ* | *വകുപ്പ്* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ഇനിയും വീടുനിർമ്മിച്ചു നൽകിയിട്ടില്ലാത്ത എല്ലാ കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് നിർമ്മിച്ചു നൽകുന്നതിന് ദ്രുതഗതിയിലുള്ള നടപടിയുണ്ടാകണമെന്നും കൂടാതെ കാലപ്പഴക്കത്താൽ നാശോന്മുഖമായ എല്ലാ വീടുകളും പുനർനിർമ്മിച്ചു നൽകണമെന്നും എല്ലാ വീടുകളിലും ശൗചാലയങ്ങൾ നിർമ്മിച്ചു നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | 20 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണം |
| 2 | വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം നിർമ്മാണം ആരംഭിച്ചതും, സാമ്പത്തിക പരാധീനതനിമിത്തം പൂർത്തീകരിക്കാത്തതുമായ എല്ലാ വീടുകളുടെയും നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഭാവിയിൽ വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം ധനസഹായം അനുവദിക്കുമ്പോൾ നിർമ്മാണ ചുമതല ഏതെങ്കിലും സർക്കാർ ഏജൻസിയെ ഏൽപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | 21 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണം |
| 3 | അച്ചൻകോവിൽ ആദിവാസി കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി, നിലവിലുള്ള ജലസ്രോതസ്സുകൾ കാര്യക്ഷമമാക്കുന്നതോടൊപ്പം ആവശ്യാനുസരണം കുഴൽ കിണറുകളും പമ്പ്സെറ്റുകളും സ്ഥാപിക്കണമെന്നും പമ്പ്സെറ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള വൈദ്യുതി ചാർജ് പട്ടികവർഗ്ഗ വികസന വകുപ്പ് വഹിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | 22 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണം, ജലവിഭവം |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | അച്ചൻകോവിൽ ആദിവാസി കോളനിയിൽ, സുരക്ഷാഭീഷണിയായി നിൽക്കുന്ന എല്ലാ തടിനിർമ്മിത പോസ്റ്റുകളും മാറ്റി കോൺക്രീറ്റ് പോസ്റ്റുകൾ സ്ഥാപിക്കണമെന്നും റോഡുകൾ നിലവിലുള്ള എല്ലാ ഭാഗങ്ങളിലും പോസ്റ്റുകൾ റോഡരികിലേക്കു മാറ്റിസ്ഥാപിക്കണമെന്നും ആവശ്യാനുസരണം വഴിവിളക്കുകൾ സ്ഥാപിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | 23 | ഊർജ്ജം |
| 5 | കോളനിനിവാസികളുടെ ആരാധനാലയമായ കാന്തമല ശിവൻകോവിലിന്റെ മേൽക്കൂര നിർമ്മാണത്തിനു തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്പോസ്റ്റ് മാറ്റിസ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 23 | ഊർജ്ജം |
| 6 | സാമ്പത്തിക ബുദ്ധിമുട്ടുമൂലം വയറിംഗ് നടത്തിയിട്ടില്ലാത്തതായ എല്ലാ വീടുകളിലും വയറിംഗ് നടത്തുന്നതിന് ധനസഹായം നൽകണമെന്നും അടിയന്തരമായി എല്ലാ വീടുകളും വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | 24 | ഊർജ്ജം, പട്ടികജാതി/ പട്ടികവർഗ്ഗ വികസനം |
| 7 | പകർച്ചവ്യാധികളും കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങളും നിത്യസംഭവമായ അച്ചൻകോവിൽ ആദിവാസി കോളനിയിൽ കിടത്തിച്ചികിത്സാ സൗകര്യത്തോടുകൂടിയ ആശുപത്രി ആരംഭിക്കണമെന്നും രണ്ടു സ്ഥിരം ഡോക്ടർമാരുടെയും അനുബന്ധ സ്റ്റാഫുകളുടെയും സേവനം ലഭ്യമാക്കണമെന്നും മാസത്തിലൊരിക്കൽ മെഗാമെഡിക്കൽ ക്യാമ്പ് നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | 25 | ആരോഗ്യവും കുടുംബക്ഷേമവും |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | അച്ചൻകോവിലിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ആശുപത്രിയിൽ രണ്ടു ഡോക്ടർമാരുടേയും മറ്റനുബന്ധ ജീവനക്കാരുടേയും സേവനം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 25 | ആരോഗ്യവും കുടുംബക്ഷേമവും |
| 9 | ആരോഗ്യവകുപ്പ് റ്റി.എസ്.പി. ഫണ്ടുപയോഗിച്ചു വാങ്ങിയ ആംബുലൻസിന് അടിയന്തരമായി ഡ്രൈവറെ നിയമിക്കണമെന്നും ഡ്രൈവറുടെ ശമ്പളം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടിൽനിന്നു നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | 26 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം, ആരോഗ്യവും കുടുംബക്ഷേമവും |
| 10 | ചികിത്സാർഥം പുനലൂർ താലൂക്ക് ആശുപത്രിയിൽ എത്തുന്ന എല്ലാ ആദിവാസികൾക്കും സൗജന്യ ചികിത്സ പൂർണ്ണമായ അർത്ഥത്തിൽ ഉറപ്പു വരുത്തണമെന്നും, ഇനിയും ഹെൽത്ത് കാർഡ് നൽകിയിട്ടില്ലാത്ത എല്ലാ കുടുംബങ്ങൾക്കും ഹെൽത്ത് കാർഡ് വിതരണം ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | 27 | ആരോഗ്യവും കുടുംബക്ഷേമവും |
| 11 | താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടുന്ന ആദിവാസികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നു നൽകുന്ന ആശ്വാസ ധനസഹായം അഞ്ഞൂറ് രൂപയിൽ നിന്നും കാലോചിതമായി പരിഷ്കരികണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 27 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം |
| 12 | അച്ചൻകോവിൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ പഠനനിലവാരം ഉയർത്തുന്നതിനുവേണ്ടി അധ്യയനവർഷത്തിന്റെ ആരംഭത്തിൽത്തന്നെ എല്ലാ വിഷയങ്ങൾക്കും അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അധ്യാപകർക്ക് താമസ | 28 | പൊതുവിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം |

| (1) | (2) | (3) | (4) |
|---|---|---|---|
| | സൗകര്യം ആവശ്യമാണെങ്കിൽ അതിനുള്ള ക്രമീകരണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | | |
| 13 | അച്ചൻകോവിൽ ആദിവാസി കോളനിയിലെ നാലു വയസ് പൂർത്തിയായ എല്ലാ കുട്ടികളെയും അംഗൻവാടിയിൽ അയച്ചു പഠിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 29 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം, സാമൂഹ്യനീതി |
| 14 | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ അച്ചൻകോവിൽ ആദിവാസി കോളനിയിൽ നഴ്സറി സ്കൂൾ ആരംഭിക്കുന്നതിനു നടപടിയുണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 29 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം |
| 15 | അച്ചൻകോവിൽ ആദിവാസി കോളനിയിലെ ആറു വയസ്സ് പൂർത്തിയാകുന്ന എല്ലാ കുട്ടികളും ഒന്നാം ക്ലാസിൽ പ്രവേശനം നേടുന്നുണ്ടെന്നും ഒന്നാം ക്ലാസിൽ പ്രവേശനം നേടുന്ന എല്ലാ കുട്ടികളും പഠനം ഇടയ്ക്കുവച്ചവസാനിപ്പിക്കാതെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നുണ്ടെന്നും ഉറപ്പുവരുത്താൻ പദ്ധതി തയ്യാറാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 30 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം, പൊതുവിദ്യാഭ്യാസം |
| 16 | അച്ചൻകോവിൽ ആദിവാസി കോളനിയിൽ അടിയന്തരമായി ഏകാധ്യാപക വിദ്യാലയം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 31 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം |
| 17 | അച്ചൻകോവിൽ ആദിവാസി കോളനിയിൽ നിന്നും എസ്.എസ്.എൽ.സി. പൂർത്തിയാക്കുന്ന എല്ലാ കുട്ടികളും ഉപരിപഠനം നടത്തുന്നുണ്ടെന്ന് | 32 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം |

| (1) | (2) | (3) | (4) |
|---|---|---|---|
| | ഉറപ്പുവരുത്തണമെന്നും ഉപരിപഠനം നടത്തുന്ന എല്ലാ കുട്ടികൾക്കും ആവശ്യമെങ്കിൽ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | | |
| 18 | അച്ചൻകോവിൽ ആദിവാസി കോളനിയിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് മൽസരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്നും പരിശീലന ക്ലാസുകൾ സംഘടിപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | 33 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം |
| 19 | രാവിലെ 8.30-നുശേഷം അച്ചൻകോവിലിൽ നിന്നുപുറപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസിന്റെ സമയം 8 മണിയായി പുനർനിർണ്ണയിച്ച് 9.45-ഓടുകൂടി പുനലൂരിൽ എത്തുന്ന രീതിയിൽ ക്രമീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 34 | ഗതാഗതം |
| 20 | അച്ചൻകോവിൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകരുടെയും വിദ്യാർഥികളുടെയും യാത്രാസൗകര്യംകൂടി പരിഗണിച്ച് രാവിലെ 10 മണിയോടുകൂടി അച്ചൻകോവിലിൽ എത്തുന്ന രീതിയിലും വൈകുന്നേരം 4 മണിക്ക് അച്ചൻകോവിലിൽനിന്നും പുറപ്പെടുന്ന രീതിയിലും കെ.എസ്.ആർ.ടി.സി. പുനലൂർ-അലിമുക്ക്-അച്ചൻകോവിൽ റൂട്ടിൽ ഒരു പുതിയ സർവ്വീസ് ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 34 | ഗതാഗതം |
| 21 | അച്ചൻകോവിൽ-പുനലൂർ റൂട്ടിൽ പ്രത്യേക പരിഗണന നൽകിക്കൊണ്ടും മറ്റു നിബന്ധനകൾ ഒഴിവാക്കിക്കൊണ്ടും വിദ്യാർത്ഥികൾക്കായി കെ.എസ്.ആർ.ടി.സി. കൺസഷൻ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 34 | ഗതാഗതം |

| (1) | (2) | (3) | (4) |
|---|---|---|---|
| 22 | അച്ചൻകോവിലിലെ ഉൾവനങ്ങളായ പുലിക്കയം, കല്ലാർ, കാനയാർ, വാഴപ്പെരിയാർ എന്നിവിടങ്ങളിൽ കുടിയേറിയിട്ടുള്ള എല്ലാ ആദിവാസികളെയും വനത്തിനുള്ളിൽനിന്നും കുടിയിറക്കി അവർക്ക് മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളും വരുമാനമാർഗ്ഗങ്ങളും ഉറപ്പുവരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 35 | വനം വന്യജീവി, റവന്യൂ, പട്ടികജാതി/ പട്ടികവർഗ്ഗ വികസനം |
| 23 | മണലാർ-കുംഭാവുരുട്ടി ഉൾപ്പെടെയുള്ള എല്ലാ വനസംരക്ഷണ സമിതി ഭരണസമിതികളിലും ആദിവാസി പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്നും ആദിവാസികൾക്കുള്ള തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | 36 | വനം വന്യജീവി, പട്ടികജാതി/ പട്ടികവർഗ്ഗ വികസനം |
| 24 | ഉൽപ്പാദന വർദ്ധനവ് കൈവരിക്കുന്നതിനായി നിലവിലുള്ള കാലപ്പഴക്കംചെന്ന റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുന്നതിനും മുന്തിയ ഇനം റബ്ബർ തൈകൾ റീപ്ലാന്റ് ചെയ്യുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പ്രസ്തുത ചുമതല റബ്ബർ ബോർഡിനെ ഏൽപ്പിക്കണമെന്നും റീപ്ലാന്റേഷനുവേണ്ടിവരുന്ന ചെലവ് സർക്കാരും റബ്ബർബോർഡും ചേർന്നു വഹിക്കണമെന്നും കൂടാതെ ആദിവാസികൾക്ക് ശാസ്ത്രീയ റബ്ബർകൃഷി രീതിയെ സംബന്ധിച്ച് പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | 37 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം, കൃഷി |
| 25 | അപകടസ്ഥിതി നേരിടുന്ന പ്രദേശങ്ങളിൽ അച്ചൻകോവിലാറിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി | 38 | വനം വന്യജീവി, റവന്യൂ, തദ്ദേശസ്വയംഭരണം, |

| (1) | (2) | (3) | (4) |
|---|---|---|---|
| | നിർദ്ദേശിക്കുന്നു. കൂടാതെ വനത്തിനുള്ളിൽനിന്നും കോളനിയിലേക്ക് ഒഴുകുന്ന തോടുകൾക്കും സംരക്ഷണഭിത്തി നിർമ്മിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം |
| 26 | അച്ചൻകോവിൽ ആദിവാസി കോളനിയിലെ ശൈശവ വിവാഹങ്ങൾ തടയുന്നതിനായി രക്ഷിതാക്കളുടെയിടയിൽ ബോധവത്കരണം നടത്തണമെന്നും ആവശ്യമെങ്കിൽ ശക്തമായ നിയമനടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | 39 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം, ആഭ്യന്തരം |
| 27 | ആര്യങ്കാവ് സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ശാഖ അച്ചൻകോവിലിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 40 | സഹകരണം |
| 28 | അച്ചൻകോവിൽ ആദിവാസി കോളനിയിൽ നിർമ്മാണം ആരംഭിച്ച കമ്മ്യൂണിറ്റി ഹാൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കണമെന്നും കൂടാതെ കോളനിയിൽ നിലവിലുള്ള ലൈബ്രറിയും വായനശാലയും വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും കൂടുതൽ പ്രയോജനകരമായ രീതിയിൽ പ്രവർത്തിപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | 41 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണം |
| 29 | കോളനിയിലെ യുവജനങ്ങളുടെ കായികാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനായി കളിസ്ഥലം അനിവാര്യമായതിനാൽ കമ്മ്യൂണിറ്റി ഹാളിന്റെ സമീപത്തുള്ള സ്ഥലം കളിസ്ഥലത്തിനായി വിട്ടുനൽകാൻ വനംവകുപ്പ് തയ്യാറാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | 41 | വനം വന്യജീവി |

| (1) | (2) | (3) | (4) |
|---|---|---|---|
| 30 | ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത്, അച്ചൻകോവിൽ കേന്ദ്രമാക്കി പുതിയ വില്ലേജ് ഓഫീസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | 42 | റവന്യൂ |
| 31 | അച്ചൻകോവിലിൽനിന്നും പ്രിയ എസ്റ്റേറ്റ് വഴി കഴുതുരുട്ടിയിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 43 | വനം വന്യജീവി, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം |
| 32 | ഗതാഗതയോഗ്യമല്ലാതായിമാറിയ അച്ചൻകോവിൽ-അലിമുക്ക്-റോഡ് അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 43 | വനം വന്യജീവി, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം |
| 33 | അച്ചൻകോവിലിലെ ആദിവാസി സമൂഹത്തിന്റെ സാമ്പത്തിക സാമൂഹ്യ ഉന്നമനം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസ പുരോഗതി എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് കോളനിയുടെ സമഗ്ര വികസനത്തിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 44 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം |